LIBRARY ARCHIVES Kerala Legislative Assembly

കെ.എസ്.ആർ.ടി.സി.യിൽ പെയിന്റർ തസ്തിക

36 (1771) ശ്രീ. സി. മോയിൻ കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.യിലെ പെയിന്റർ തസ്തികയുടെ ലിസ്റ്റ് പി.എസ്.സി. പ്രസിദ്ധീകരിച്ചിട്ടുണ്ടോ ;

(ബി)പ്രസ്തുത തസ്തികയിലേയ്ക്ക് എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട് ; എല്ലാ ഒഴിവുകളിലേയ്ക്കും നിയമന ശിപാർശ നൽകിയിട്ടുണ്ടോ ?

ഉത്തരം

(എ) കെ.എസ്.ആർ.ടി.സി.യിൽ പെയിന്റർ ഗ്രേഡ് II തസ്തികയുടെ റാങ്ക് പട്ടിക 25-3-2014 -ന് പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(ബി) 83 ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. റിപ്പോർട്ട് ചെയ്ത എല്ലാ ഒഴിവുകളിലേയ്ക്കും നിയമന ശിപാർശ നൽകിയിട്ടുണ്ട്.

പി.എസ്.സി. വഴിയുള്ള നിയമനങ്ങൾ

37 (1772) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം പി.എസ്.സി. വഴി എത്ര നിയമനങ്ങൾ നടത്തി; സംസ്ഥാനതലത്തിലും ജില്ലാതലത്തിലുമുള്ള കണക്കുകൾ ലഭ്യമാക്കുമോ;

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് അഞ്ച് വർഷം കൊണ്ട് പി.എസ്.സി. വഴി നടത്തിയ നിയമനങ്ങളുടെ കണക്കുകൾ ജില്ല തിരിച്ച് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരമേറ്റതുമുതൽ 31-12-2015 വരെയുള്ള കാലയളവിൽ പി.എസ്.സി. വഴി 1,43,103 പേർക്ക് നിയമന ശിപാർശകൾ നൽകിയിട്ടുണ്ട്. 2011-12 ധനകാര്യ വർഷം മുതൽ 2014-15 ധനകാര്യ വർഷം വരെ ജില്ലാതലത്തിൽ ആകെ 75,026 നിയമന ശിപാർശകൾ നൽകിയിട്ടുണ്ട്. 2015-16 ധനകാര്യ വർഷത്തെ കണക്ക് പി.എസ്.സി. ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല.

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആകെ 1,65408 നിയമന ശിപാർശകൾ നൽകിയിട്ടുണ്ട്. 2006-2007 ധനകാര്യ വർഷം മുതൽ 2010-11 ധനകാര്യ വർഷം വരെ ജില്ലാതലത്തിൽ ആകെ 92,605 നിയമന ശിപാർശകൾ നൽകിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരം പി.എസ്.സി. ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല.